## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1764 — 04-10-2011-ൽ മറുപടിക്ക്

### വൈദ്യുതി അപകടങ്ങളിൽപെടുന്നവർക്ക് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>,, പാലോട് രവി<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. റ്റി. ബൽറാം | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുത അപകടങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) അപകടങ്ങൾ ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. സുരക്ഷാ നടപടികൾ ശക്തിപ്പെടുത്തുന്നതിനും മേൽനോട്ടത്തിനുമായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ റാങ്കിലുള്ള ഒരു സേഫ്റ്റി കമ്മീഷണറെയും അദ്ദേഹത്തിന്റെ കീഴിൽ മേഖലാ അടിസ്ഥാനത്തിൽ എക്സിക്യൂട്ടിവ് എഞ്ചിനീയർ റാങ്കിലുള്ള 3 സേഫ്റ്റി ഓഫീസർമാരെയും ബോർഡ് നിയമിച്ചിട്ടുണ്ട്. ഓരോ ഇലക്ട്രിക്കൽ സർക്കിളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലുള്ള ഒരു സേഫ്റ്റി ഓഫീസറെ നിയമിക്കുന്നതിനും ബോർഡ് നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതു കൂടാതെ വിതരണ പ്രസരണ ഉല്പാദന മേഖലകളിലെ വിവിധ ഓഫീസുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, അസിസ്റ്റന്റ് എഞ്ചിനീയർമാരും സേഫ്റ്റി ഓഫീസർമാരുടെ ഉത്തരവാദിത്വം നിറവേറ്റണമെന്ന് ഇതിനകം തന്നെ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.<br>2. സുരക്ഷയെയും മുൻകരുതലുകളെയും കുറിച്ചുള്ള ക്ലാസ്സുകളും പരിശീലന കോഴ്സുകളും ബോർഡിന്റെ ട്രെയിനിംഗ് വിഭാഗം നടത്തുന്നുണ്ട്. ബന്ധപ്പെട്ട എല്ലാ ജീവനക്കാരെയും ഇതിൽ പങ്കെടുപ്പിക്കുന്നുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിച്ചുകൊണ്ടുള്ള വിശദമായ സർക്കുലറുകളും ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷാ മാന്വലിൽ വൈദ്യുതി സംബന്ധമായ |

ജോലികൾ ചെയ്യുമ്പോൾ അനുവർത്തിക്കേണ്ട സുരക്ഷാ നടപടികളും മുൻകരുതലുകളും പ്രതിപാദിച്ചിട്ടുണ്ട്.

3. വൈദ്യുതി ജീവനക്കാരുമായുള്ള ദീർഘകാല വേതനക്കരാറിന്റെ ഭാഗമായി ബോർഡ് ഇലക്ട്രിക്കൽ ഡിവിഷൻ തലത്തിൽ സുരക്ഷാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മാസം തോറും കമ്മിറ്റി കൂടി അപകടങ്ങളെ വിലയിരുത്തുകയും സുരക്ഷാക്രമീകരണങ്ങൾ ചിട്ടപ്പെടുത്തി അത്തരം അപകടങ്ങൾ ഭാവിയിൽ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും ആവശ്യമായ എണ്ണം ഗുണമേന്മയുള്ള സുരക്ഷാ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു. ഇതിനു പുറമേ എല്ലാ മാസവും നടത്തുന്ന റിവ്യൂ മീറ്റിംഗിൽ ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിലും ഉപഭോക്താവിന്റെ സ്ഥലത്തും നടന്ന വൈദ്യുത അപകടങ്ങളെ വിലയിരുത്തുകയും മേൽപ്പറഞ്ഞ സുരക്ഷാ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുണ്ട്.

4. വൈദ്യുതബോർഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും സംയുക്തമായി എല്ലാ വർഷവും വൈദ്യുത സുരക്ഷാവാരം ആചരിക്കുന്നുണ്ട്. വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും ക്ലാസ്സുകൾ നടത്തിയും സുരക്ഷാ ചട്ടങ്ങൾ പാലിക്കേണ്ട ആവശ്യകതയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണം നൽകുന്നതിനും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറോട് ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്.

5. സാധാരണ നടത്തിവരുന്ന മെയിന്റനൻസ് വർക്കുകൾക്ക് പുറമെ എല്ലാ കൊല്ലവും രണ്ട് കാലവർഷങ്ങൾക്കും മുമ്പായി മഴക്കാലത്തു സംഭവിക്കാൻ സാദ്ധ്യതയുള്ള അപകടങ്ങളും സപ്ലൈ തടസ്സങ്ങളും ഒഴിവാക്കുവാനായി പ്രത്യേക പ്രീ-മൺസൂൺ മെയിന്റനൻസ് നടത്തുന്നുണ്ട്. 2011-12-ലേയ്ക്കുള്ള വാർഷിക പ്ലാനിൽ വിതരണ വിഭാഗത്തിനായി 166.53 കോടി രൂപയുടെ ഒരു പ്രത്യേക മെയിന്റനൻസ് പ്ലാനും ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. വൈദ്യുത അപകടങ്ങൾ തടയുന്നതിന്റെ ഭാഗമായി സുസജ്ജമായ സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഴക്കം ചെന്നതും ഓൾ അലുമിനീയം കണ്ടക്ടർ

| | | | |
|---|---|---|---|
| | | | (AAC) ഉം ഉപയോഗിച്ചിട്ടുള്ളതുമായ വിതരണ ലൈനുകൾ സമയബന്ധിതമായി മാറ്റി അലുമിനീയം കണ്ടക്ടർ സ്റ്റീൽ റീഇൻഫോർസ്ഡ് (AC&R) ഉപയോഗിച്ച് ദൃഢപ്പെടുത്തുന്നതിനുമായുള്ള നിർദ്ദേശം നിലവിലുണ്ട്. കേടായ ഇൻസുലേറ്റർ അപ്പപ്പോൾ മാറ്റാനും, ലൈൻ പെട്രോളിംഗും കമ്പികൾ തട്ടിക്കിടക്കുന്ന വൃക്ഷലതാദികൾ അതതു സമയങ്ങളിൽ വെട്ടിമാറ്റുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | വൈദ്യുതി ലൈൻ പൊട്ടി വീഴുന്നതു മൂലവും, വകുപ്പിന്റെ അനാസ്ഥ മൂലവും ഉണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്നവർക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരങ്ങൾ എന്തെല്ലാം; | (ബി) | ഇത്തരം അപകടങ്ങളിൽപ്പെട്ട് മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് വൈദ്യുതിസുരക്ഷാപദ്ധതി പ്രകാരം 1,00,000/- രൂപ ആശ്വാസധനസഹായം നല്കുന്നുണ്ട്. മാരകമല്ലാത്ത അപകടം സംഭവിക്കുന്നവർക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി പരമാവധി 1,00,000/- രൂപ ആശ്വാസധനസഹായം അനുവദിക്കുന്നുണ്ട്. |
| (സി) | ഇത് വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | നിലവിലുള്ള ആശ്വാസധനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | വൈദ്യുതി ലൈൻ റിപ്പെയർ ചെയ്യുമ്പോൾ വ്യാപകമായി കരാർ തൊഴിലാളികൾ അപകടങ്ങളിൽപ്പെടുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഇവർക്ക് അർഹമായ നഷ്ടപരിഹാരങ്ങൾ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; | (ഇ) | അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്കും മരണപ്പെടുന്ന അത്തരം തൊഴിലാളികളുടെ ആശ്രിതർക്കും 1923 ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ചുള്ള നഷ്ടപരിഹാരം നല്കിവരുന്നുണ്ട്. |
| (എഫ്) | കരാർ തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് ലൈൻ നന്നാക്കുന്നതിന് ആവശ്യമായ യോഗ്യതകളോ പരിജ്ഞാനമോ ഇവർക്ക് ഇല്ലാത്തതു മൂലമാണ് | (എഫ്) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ജി) | ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ജി) | കരാർ നൽകിയിട്ടുള്ള പണികളിൽ കരാർ തൊഴിലാളികൾ ഏർപ്പെടുന്നത് ബോർഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമായിരിക്കണം എന്ന് ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ആറ് മാസത്തിൽ ഒരിക്കലെങ്കിലും സുരക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ചും സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗക്രമത്തെ സംബന്ധിച്ചും ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ